(ഡി) ഇല്ലെങ്കിൽ കരാർ തയ്യാറാക്കിയവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ബോർഡ് തലത്തിലും സർക്കാർ തലത്തിലും എസ്.എൻ.സി. ലാവ്‌ലിൻ, എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി എന്നീ ഏജൻസികളും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്.എൻ.സി. ലാവ്‌ലിൻ അയച്ചുതന്ന കരാറും അഡൻഡവും റിവിഷനുകളും പരിശോധിച്ചതിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡ് ആണ് കരാർ തയ്യാറാക്കിയത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച ജോലി

47 [2036] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
,, ലൂഡി ലൂയിസ്:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം സംബന്ധിച്ച ജോലി എന്തു തുകയ്ക്കാണ് കരാർ നൽകിയത്;

(ബി) പ്രസ്തുത കരാർ മൂലം എന്തെല്ലാം വിധത്തിലുള്ള നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ബാങ്ക് ചാർജിനത്തിൽ പ്രസ്തുത കമ്പനിക്ക് എന്തു തുക കൊടുക്കേണ്ടതായി വന്നു;

(ഡി) ഒരു ഇന്ത്യൻ കമ്പനിക്ക് ഈ ജോലി കൊടുത്തിരുന്നെങ്കിൽ ബാങ്ക് ചാർജ് ഇനത്തിൽ തുക കൊടുക്കേണ്ടതായി വരുമായിരുന്നുവോ;

(ഇ) ഡോളർ, വിനിമയ നിരക്കിൽ വന്ന വ്യത്യാസം മൂലം എത്ര രൂപയുടെ നഷ്ടമുണ്ടായി;

(എഫ്) കമ്മിറ്റ്മെന്റ് ചാർജായി എന്തു തുക കൊടുക്കേണ്ടതായി വന്നു;

(ജി) കമ്മിറ്റ്മെന്റ് ചാർജ് എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മൊത്തം 243.98 കോടി രൂപ.

(ബി) പരിശോധിച്ചു വരുന്നു.

(സി) എസ്. എൻ. സി. ലാവ്‌ലിൻ കമ്പനിക്ക് തുക ഒന്നും കൊടുക്കേണ്ടതായി വന്നിട്ടില്ല. ഇൻഡ്യയിലുള്ള ബാങ്കുകൾക്ക് ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 28.86 കോടി രൂപയും പലിശ, കമ്മിറ്റ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചാർജ് തുടങ്ങിയ ഇനത്തിൽ ഇ.ഡി.സി.-ക്ക് 50.27 കോടി രൂപയും നൽകിയിട്ടുണ്ട്.

(ഡി) ലെറ്റർ ഓഫ് ക്രെഡിറ്റ് വഴിയാണ് തുക നൽകുന്നതെങ്കിൽ ബാങ്ക് ചാർജ് നൽകേണ്ടിവരും.

(ഇ) വിദേശ വായ്പ എടുത്തതിന്റെ തിരിച്ചടവ് സംബന്ധിച്ച് ഡോളർ വിനിമയ നിരക്കിൽ വന്ന വ്യതിയാനം മൂലം ഇതുവരെ 63 ലക്ഷം രൂപ ചെലവു വന്നിട്ടുണ്ട്.

(എഫ്) ഉദ്ദേശം 1.83 കോടി രൂപ.

(ജി) കരാർ വ്യവസ്ഥ അനുസരിച്ച് നിശ്ചിത തീയതികളിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നിശ്ചിത തുക കടം എടുക്കാം എന്ന് സമ്മതിക്കുകയും അപ്രകാരം സമ്മതിച്ച തുകയ്ക്ക് പകരം കുറഞ്ഞ തുക മാത്രമേ കടമായിട്ട് ടി തീയതികളിൽ എടുക്കുന്നു എങ്കിൽ എത്ര തുകയാണോ കുറവു വരുന്നത്, ആ തുകയുടെ ഒരു നിശ്ചിത ശതമാനം ഫീസ് ആയി നൽകേണ്ടിവരും. ഈ ഫീസ് ആണ് കമ്മിറ്റ്മെന്റ് ചാർജ്.

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

48 [2037] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:-

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിൽ കുന്ദമംഗലം പഞ്ചായത്തിലെ ഒഴയാടി ഭാഗത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ഒഴയാടിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഒഴയാടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 4,62,220 രൂപയുടെ എസ്റ്റിമേറ്റിൽ പ്രസ്തുത പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു; ഉടനെ പൂർത്തീകരിക്കുന്നതാണ്.

വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 66 കെ.വി, സബ്സ്റ്റേഷന്റെ നിർമ്മാണം

49 [2038] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിലെ നെടുങ്കണ്ടം മേഖലയിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിർമ്മിക്കുന്ന നെടുങ്കണ്ടം 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly